# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. T. 3668 - 23/08/2017 - ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

**ചോദ്യം** **ഉത്തരം**

**ശ്രീ.എം.ഉമ്മർ** **ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും നിരീക്ഷണത്തിനുമായി പ്രത്യേകം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/ കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്) എന്ന പേരിൽ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ പി.എഫ്.എം.എസ് ഓൺലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിക്കൊണ്ടി രിക്കുകയാണ്. ഈ സംവിധാനം ഉപയോഗിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗി ക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച് വിശദമാക്കാമോ? | |

| | | |
|---|---|---|
| | | പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**